കൊലപാതകങ്ങൾ

36 [40] ശ്രീ. എ.സി. ഷൺമുഖദാസ്:
,, ടി.പി. പീതാംബരൻ മാസ്റ്റർ:
,, കെ. ശങ്കരനാരായണപിള്ള:
,, സിറിയക് ജോൺ:
,, എ.കെ. ശശീന്ദ്രൻ:
,, കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1985 മേയ് 31വരെ കേരളത്തിൽ ആകെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; എത്ര കൊലക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടെന്നും എത്ര കേസുകൾ റഫർ ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) എത്ര കേസുകളിലെ പ്രതികളെ ഇനിയും പിടികിട്ടാനുണ്ട്;

(ഡി) ഏതെങ്കിലും കൊലക്കേസിലെ പ്രതികളെ പിടിക്കുന്നതിനുവേണ്ടി സി.ഐ.ഡി. തലത്തിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതു കേസ്സിലെ പ്രതിയെ പിടിക്കാനാണെന്നും ഏതെല്ലാം ഉദ്യോഗസ്ഥൻമാരാണ് ഈ സ്ക്വാഡിൽ ഉള്ളതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഉണ്ട്.

(ഇ) ചാക്കോ വധക്കേസിലെ പ്രതി സുകുമാരക്കുറുപ്പിനെയും ജയിൽ ചാടിയ പുള്ളി ബാലചന്ദ്രനെയും അറസ്റ്റ് ചെയ്യാനായി ഒരു സ്പെഷ്യൽ സെൽ ഡി.ഐ.ജി. ശ്രീ. ലക്ഷ്മണയുടെ നേതൃത്വത്തിൽ ഉണ്ട്.

തെളിയിക്കാൻ കഴിഞ്ഞ കൊലപാതകങ്ങൾ

37 [41] ശ്രീ. എം.വി. രാഘവൻ:
,, എ.കെ പത്മനാഭൻ:
,, സി.ടികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ നടന്ന കൊലപാതകങ്ങളിൽ എത്ര കേസ് തെളിയിക്കാൻ കഴിഞ്ഞു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര കേസുകളിൽ പ്രതികളെ അറസ്റ്റു ചെയ്തു;

(സി) ഏതെങ്കിലും കേസിൽ പ്രതികളെ പിടികിട്ടാൻ ബാക്കിയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് ഏതെല്ലാം കേസുകളിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1745
(ബി) 1654
(സി) ഉണ്ട്.
(ഡി) വിവരം ശേഖരിച്ചു വരുന്നു.

പത്തനംതിട്ട ജില്ലയിൽ നടന്നിട്ടുള്ള കൊലപാതകങ്ങൾ

38 [44] ശ്രീ. വി.എസ്. ചന്ദ്രശേഖരൻ പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1983 ജൂൺ മാസം ഒന്നുമുതൽ 1986 ജൂൺ ഒന്നുവരെ പത്തനംതിട്ട ജില്ലയിൽ നടന്നിട്ടുള്ള കൊലപാതകങ്ങൾ എത്ര;

(ബി) ഇതിൽ സ്ത്രീകൾ കൊലചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേർ;

(സി) കൊലപാതക കേസുകൾ ചാർജു ചെയ്തവ എത്ര;

(ഡി) ഇവയിൽ ശിക്ഷിച്ചവ എത്ര;

(ഇ) പ്രതികളെ വെറുതെ വിട്ട കേസുകൾ എത്ര;

(എഫ്) ഏറ്റവും കൂടുതൽ കൊലപാതകങ്ങൾ നടന്നിട്ടുള്ളത് ഏതു പോലീസ് സ്റ്റേഷൻ അതിർത്തിയിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 92
(ബി) ഉണ്ട്. 19 സ്ത്രീകൾ
(സി) 66
(ഡി) 21
(ഇ) 11

(എഫ്) ചിറ്റാർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ 14 കൊലപാതകക്കേസ്സുകൾ ഉണ്ടായിട്ടുണ്ട്.

ലോക്കപ്പ് മരണങ്ങൾ

39 [46] ശ്രീ. എം.വി. രാഘവൻ:
,, സി.ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1986 മേയ് 31 വരെ നടന്ന ലോക്കപ്പ് മരണങ്ങൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly